

# വീട്ടുവളപ്പിലെ കോഴി വളർത്തൽ

**ഒരു വീട്ടിൽ 10 കോഴികളെ വളർത്തുന്ന ചെറുയൂണിറ്റുകളാണ് അനുയോജ്യം. അടുക്കളാവശിഷ്ടങ്ങൾക്കും കൈതീറ്റയ്ക്കും പുറമെ ചിക്കിയും ചികഞ്ഞും വളരാനുള്ള സൗകര്യം കണക്കാക്കിയാണിത്.**

■ ഡോ. സ്മിത ശിവദാസൻ
ഡോ. ഷിനോജ് സുബ്രമണ്യൻ

കേരളത്തിലെ മുട്ടയുത്പാദനത്തിന്റെ സിംഹഭാഗവും അടുക്കള മുറ്റത്ത് വളർത്തുന്ന കോഴികളിൽനിന്നാണ്. കേരളത്തിലെ ആർദ്രത കൂടുതലുള്ള കാലാവസ്ഥയും കോഴിത്തീറ്റയ്ക്ക് ആവശ്യമായ പല ചേരുവകളും അയൽ സംസ്ഥാനങ്ങളിൽ നിന്നും വരേണ്ടതുണ്ട് എന്നതും വ്യാവസായികാടിസ്ഥാനത്തിലുള്ള കോഴിവളർത്തലിന് ഒരു പ്രതികൂല ഘടകങ്ങളാണ്.

വീട്ടുവളപ്പിൽ തന്നെ ഉത്പാദിപ്പിച്ചെടുത്ത് വിപണനം ചെയ്യുന്ന മാതൃകകൾ സൃഷ്ടിച്ചാൽ ഗുണമേന്മയുള്ള മുട്ടകൾ ലഭ്യമാക്കുന്നതോടൊപ്പം വീട്ടമ്മമാർക്ക് വരുമാനമാർഗ്ഗവുമാകും. അടുക്കള മുറ്റത്തിനായി വികസിപ്പിച്ച പല സങ്കരയിനങ്ങളും സിന്തറ്റിക് ഇനങ്ങളും ഉണ്ട്. ഇവയിൽ കേരളത്തിൽ കൂടുതൽ അനുയോജ്യമായത് ഗ്രാമശ്രീ, ഗ്രാമപ്രിയ, ഗ്രാമലക്ഷ്മി, വനരാജാ, കലിംഗ ബ്രൗൺ എന്നിവയാണ്. ഇതുകൂടാതെ ചില സ്വകാര്യഫാമുകളുടെ കോഴിയിനങ്ങൾ, ഉദാഹരണത്തിന് കൈരളി, ക്രോയിലർ, ബി വി 380 എന്നിവയും കർഷകർക്കിടയിൽ പ്രചാരത്തിലുണ്ട്. ബി.വി 380 ഇനത്തിന് 4 - 4.5 മാസം പ്രായമാകുമ്പോൾ മുട്ടയുത്പ്പാദനം തുടങ്ങുകയും വർഷത്തിൽ 280 -300 മുട്ടകൾ ലഭിക്കുകയും ചെയ്യും. മറ്റെല്ലാ ഇനങ്ങൾക്കും അഞ്ചു അഞ്ചര മാസത്തിൽ മുട്ടയുല്പാദനം തുടങ്ങുകയും വർഷത്തിൽ 180-200 എണ്ണംവരെ മുട്ടകൾ ലഭിക്കുകയും ചെയ്യും. ഇവയ്ക്കെല്ലാം വിദേശജനുസുകളെ അപേക്ഷിച്ചു കൂടുതൽ രോഗപ്രതിരോധശേഷിയുണ്ട്.

### മുറ്റത്തെ കോഴിവളർത്തൽ

ഒരു വീട്ടിൽ 10 കോഴികളെ വളർത്തുന്ന ചെറുയൂണിറ്റുകളാണ് അനുയോജ്യം. അടുക്കളാവശിഷ്ടങ്ങൾക്കും കൈതീറ്റയ്ക്കും പുറമെ ചിക്കിയും ചികഞ്ഞും വളരാനുള്ള സൗകര്യം കണക്കാക്കിയാണിത്.

ഒരു ദിവസം പ്രായമായ കുഞ്ഞുങ്ങളെ വാങ്ങുകയാണെങ്കിൽ അവയ്ക്ക് 3-4 ആഴ്ച വരെ കൃത്രിമമായി ചൂട് നൽകി വളർത്തേണ്ടി വരും. തൂവലുകൾ വളർന്നുവന്ന് കുഞ്ഞുങ്ങൾക്ക് അവയുടെ ശരീരതാപനില നിലനിൽത്താൻ കഴിയുന്നത് വരെ ആണ് ഇങ്ങനെ ചൂട് നൽകേണ്ടത്. ഒരു ദിവസം പ്രായമായ കോഴികുഞ്ഞുങ്ങളെ വാങ്ങുമ്പോൾ അവയ്ക്കു സ്റ്റാർട്ടർ തീറ്റയാണ് നൽകേണ്ടത്. പട്ടികയിൽ സൂചിപ്പിക്കുന്ന കുത്തിവയ്പ്പുകളും നൽകേണ്ടതുണ്ട്;

## കോഴികുഞ്ഞുങ്ങളിലെ പ്രതിരോധ കുത്തിവെയ്പ്

| പ്രായം | രോഗം | വാക്സിൻ | നൽകുന്ന രീതി |
|---|---|---|---|
| 1 ദിവസം | മാരക്സ് | മാരക്സ് | കഴുത്തിലെ തൊലിക്കടിയിൽ കുത്തിവയ്പ് |
| 5-7 ദിവസം | കോഴി വസന്ത | ലസോട്ട/എഫ് | കണ്ണിലും മൂക്കിലും ഒഴിക്കേണ്ടത് |
| 14 ദിവസം | ഗംബോറോ | ഐ . ബി .ഡി (ജോർജിയ / ഇന്റർമീഡിയറ്റ് ) | കുടിക്കാനുള്ള വെള്ളത്തിൽ ചേർത്ത് |
| 21 ദിവസം | കോഴി വസന്ത | ലസോട്ട | കുടിക്കാനുള്ള വെള്ളത്തിൽ ചേർത്ത് |
| 28 ദിവസം | ഗംബോറോ | ഐ .ബി .ഡി (ഇന്റർമീഡിയറ്റ്) | കുടിക്കാനുള്ള വെള്ളത്തിൽ ചേർത്ത് |
| 6 -8 ആഴ്ച | കോഴി വസന്ത | ആർ 2 ബി | തൊലിക്കടിയിൽ കുത്തിവയ്പ് (ഒരാഴ്ച മുൻപ് വിരയിളക്കിയതിനു ശേഷം) |
| 16 ആഴ്ച | കോഴി വസന്ത | ആർ 2 ബി | തൊലിക്കടിയിൽ കുത്തിവയ്പ് |
| 40 ആഴ്ച | കോഴി വസന്ത | ലസോട്ട | കുടിക്കാനുള്ള വെള്ളത്തിൽ ചേർത്ത് |

എന്നാൽ ചെറിയ തോതിൽ കുഞ്ഞുങ്ങളെ വാങ്ങി വളർത്തുമ്പോൾ കൃത്യമായ കുത്തിവെപ്പുകൾ എടുക്കാൻ ഉള്ള ബുദ്ധിമുട്ടും പരിചയ കുറവും കണക്കിലെടുത്ത് രണ്ടു മാസം പ്രായമായവയെ വാങ്ങി വളർത്തുന്നതാണ് ഉത്തമം. ഇതിനായി വഴിയോര കച്ചവടക്കാരെ ആശ്രയിക്കാതെ ഗവണ്മെന്റ് അംഗീകൃത എഗ്ഗർ നഴ്സറികളിൽ നിന്നും വാങ്ങുന്നതായിരിക്കും ഉചിതം. ഗവണ്മെന്റ് അംഗീകൃത നഴ്സറികളിൽ കോഴികൾക്ക് കുത്തിവയ്പുകൾ എല്ലാം നല്കിയിട്ടാണ് ലഭ്യമാക്കുന്നത്.

വീട്ടുവളപ്പിൽ വളർത്തുന്ന കോഴികൾക്ക് പ്രത്യേകിച്ച് വിപുലമായ പാർപ്പിടസൗകര്യം ആവശ്യമില്ല. തടി, മുള എന്നിവ ഉപയോഗിച്ചും കമ്പിവല ഉപയോഗിച്ചും നിർമിക്കുന്ന കൂടുകൾ മതിയാവും. രാത്രിയിൽ പാർപ്പിക്കാനാണ് പ്രധാനമായിട്ടും കൂടൊരുക്കുന്നത്. ഇങ്ങനെയുള്ള കൂടുകൾക്ക് 4 അടി നീളവും 3 അടി വീതിയും 2 അടി പൊക്കവും ആകാം. 10 കോഴികൾക്ക് ഇതു പര്യാപ്തമാണ്. പൂർണമായും തുറന്നു വിട്ട് വളർത്താൻ സൗകര്യം ഇല്ലെങ്കിൽ നൈലോൺ വല ഉപയോഗിച്ച് കൂടിനുചുറ്റും ഒരു കോഴിക്ക് 10-15 ച.അടി എന്നകണക്കിൽ വേലി കെട്ടാവുന്നതാണ്. ഈ സ്ഥലത്ത് കോഴികളെ പകൽ തുറന്നുവിടാം. കമ്പിവല കൂടുകളാണ് ഒരുക്കുന്നതെങ്കിൽ മുട്ടയിടാൻ കൂട്ടിനകത്ത് മരത്തിന്റെ പെട്ടികൾ വെച്ചുകൊടുക്കേണ്ടതാണ്. ഇവയ്ക്ക് 30 സെ.മീ നീളവും 30 സെ.മീ വീതിയും 20 സെ.മീ ഉയരവും ആവാം. ഒരു വശത്തു 7 സെ.മീ പൊക്കം മതി. ഇങ്ങനെയുള്ള പെട്ടികളെ നെസ്റ്റ് ബോക്സ് എന്നാണ് പറയുന്നത്. ഇവയിൽ വൈക്കോലോ ഉണക്കപുല്ലോ ചകിരിയോ വെച്ചുകൊടുക്കേണ്ടതാണ്. 5 കോഴികൾക്ക് ഒരു നെസ്റ്റ് ബോക്സ് ആവശ്യമാണ്. മുട്ട പൊട്ടാതെയും വൃത്തിയായും ലഭിക്കുന്നതിന് നെസ്റ്റ് ബോക്സുകൾ ആവശ്യമാണ്.

### കോഴികൾക്ക് തീറ്റയും സംരക്ഷണവും.

നുറുക്കരി, ഗോതമ്പ്, തവിട് എന്നിവയാണ് അടുക്കള അവശിഷ്ടങ്ങൾക്കു പുറമെ കൊടുക്കേണ്ടത്. മുട്ടയുത്പാദനം മെച്ചപ്പെടുത്താൻ 25 മുതൽ 30 ഗ്രാം വരെ ലെയർ തീറ്റ (മുട്ടക്കോഴികൾക്ക് പ്രത്യേകമുള്ള തീറ്റ)നൽകാവുന്നതാണ്. ഒരു മുതിർന്ന കോഴിക്ക് ഒരു ദിവസം 100-110 ഗ്രാം തീറ്റ വേണ്ടിവരും. അസോള കൊടുക്കുന്നത് മുട്ടയുത്പാദനം മെച്ചപ്പെടുത്താൻ സഹായിക്കും. ഒരു കോഴിക്ക് ദിവസേന 15- 20 ഗ്രാം അസോള കൊടുക്കാവുന്നതാണ്. ഇതിനു പുറമെ പച്ചിലകൾ (ഉദാഹരണത്തിന് മുരിങ്ങയില, ചീരയില, അഗത്തിച്ചീരയില, ചെമ്പരത്തിയില, തുളസിയില, പനികൂർക്കയില, വാഴയില, പുല്ലുകൾ) കൊടുക്കുന്നത് നല്ലതാണ്.

സമയാസമയങ്ങളിൽ മേൽ സൂചിപ്പിച്ച രോഗപ്രതിരോധകുത്തിവയ്പ്പുകൾ എടുക്കുകയും വിരമരുന്നുകൾ നൽകുകയും ചെയ്യണം. എഗ്ഗർ നഴ്സറികളിൽ 35-ാം ദിവസം വിരമരുന്നു നൽകിയതിനുശേഷം, മൂന്ന് മാസത്തിൽ ഒരിക്കൽ കോഴിക്കാഷ്ഠം പരിശോധിച്ച് അതിൽ വിരകളുടെ മുട്ടയുടെ സാന്നിധ്യം ഉണ്ടെങ്കിൽ വെറ്ററിനറി ഡോക്ടറുടെ നിർദേശപ്രകാരം മരുന്നുനൽകാവുന്നതാണ്. തീറ്റ എടുക്കാനും വെള്ളം കുടിക്കാനുമുള്ള മടി, ചുമ, മൂക്കൊലിപ്പ്, കണ്ണിനു നീർവീഴ്ച, തൂങ്ങിനിൽക്കുക, വയറിളക്കം എന്നീ രോഗലക്ഷണങ്ങൾ കാണിക്കുന്ന കോഴികളെ പ്രത്യേകം പാർപ്പിക്കുന്നത് രോഗനിയന്ത്രണത്തിന് സഹായിക്കും.

രോഗങ്ങളെ അകറ്റാൻ ചില നിയന്ത്രണ മാർഗ്ഗങ്ങൾ പാലിക്കാവുന്നതാണ് . ദിവസേന തീറ്റപ്പാത്രവും വെള്ളപ്പാത്രവും കഴുകുക, വെള്ളം മാറ്റി ശുദ്ധവെള്ളം നൽകുക, തീറ്റ പൂപ്പൽ ബാധിക്കാതെ സൂക്ഷിക്കുക തുടങ്ങിയവയും ആഴ്ച്ചയിൽ ഒരിക്കൽ 10% വീര്യമുള്ള ബ്ലീച്ചിങ്ങ് പൗഡർ ലായനി ഉപയോഗിച്ച് വെള്ളപ്പാത്രവും തീറ്റപാത്രവും വൃത്തിയാക്കുന്നതും കോഴിക്കാഷ്ഠം കൂട്ടിനടിയിൽനിന്ന് മാറ്റുന്നതും രോഗങ്ങളെ അകറ്റി നിർത്തും. കൂട്ടിലും തുറന്നു വിടുന്ന സ്ഥലത്തും 2-5 കി. ഗ്രാം ഒരു ച. മീ സ്ഥലത്ത് എന്ന തോതിൽ കുമ്മായം വിതറുന്നത് രോഗമുള്ള കോഴികളിൽ നിന്ന് മറ്റു കോഴികളിലേക്കു പകരാനുള്ള സാധ്യത കുറയ്ക്കും. മറ്റു കോഴികളെ വളർത്തുന്നവരിൽ നിന്ന് കോഴികൂടിനടുത്തേക്കുള്ള സമ്പർക്കം ഒഴിവാക്കുന്നത് രോഗങ്ങൾ പകരാതെ സംരക്ഷിക്കാൻ സഹായിക്കും.

### പുത്തൻ പ്രവണതകൾ

കോഴികളെ വ്യാവസായികാടിസ്ഥാനത്തിൽ മുട്ടയുത്പാദനത്തിന് ഉപയോഗിക്കുമ്പോൾ ചിലവുകുറയ്ക്കാൻ വളരെ കുറഞ്ഞ



സ്ഥല സൗകര്യം മാത്രമുള്ള കൂടുകളിൽ വളർത്തുകയാണ് പതിവ്. എന്നാൽ സ്വതന്ത്രയായി തുറന്നു വിട്ട് വളർത്തി ലഭിക്കുന്ന മുട്ടകെജ് ഫ്രീ മുട്ടകൾ എന്ന പേരിൽ ഉയർന്ന വിലയ്ക്ക് വിൽക്കുന്ന രീതി കേരളത്തിലും അടുത്ത കാലത്ത് പ്രചാരത്തിൽ വന്നിട്ടുണ്ട്. അടുക്കളമുറ്റത്ത് തുറന്ന് വിട്ട് വളർത്തുന്ന കോഴികളുടെ മുട്ട ഇത്തരത്തിൽ വിപണനം നടത്താവുന്നതാണ്. തീറ്റയിൽ വിറ്റാമിനുകളുടെ അളവുകൂട്ടിയും ഒമേഗ അമ്ലങ്ങളുടെ അളവ് കൂട്ടിയും ഇവയുടെ കൂടുതൽ തോത് അടങ്ങിയ എൻറിച്ച്ഡ് മുട്ടകൾ വിപണിയിൽ ലഭ്യമാക്കാവുന്നതാണ്. വെള്ളനിറത്തിലുള്ള ലെഗ്ഹോൺ കോഴികളുടെ മുട്ടയ്ക്ക് വിപണിയിൽ 4 രൂപയിൽ താഴെ വില ഉള്ളപ്പോൾ തവിട്ടു നിറത്തിലുള്ള മുട്ടയ്ക്ക് കുറഞ്ഞത് 6 രൂപ വിപണിയിൽ വില ലഭിക്കുന്നുണ്ട്. ഫ്രീ റേഞ്ച്, കേജ് ഫ്രീ, നാടൻ കോഴി മുട്ടകൾ, എൻറിച്ച്ഡ് മുട്ടകൾ എന്നീ ലേബലുകളിൽ വിൽക്കുന്ന മുട്ടയ്ക്ക് 8 രൂപ മുതൽ 18 രൂപ വരെ വിപണിയിൽ വിലയുണ്ട്.

കോഴിമുട്ടകൾ ഉത്പാദിപ്പിക്കുന്നതിനോടൊപ്പം വിപണിയിൽ ആകർഷണീയമായ പായ്കറ്റുകളിൽ എത്തിക്കുന്നതും മുട്ടയുടെ വില വർധിപ്പിക്കും. നഗരങ്ങളിൽ സൂപ്പർമാർക്കറ്റുകളിൽ ലഭിക്കുന്നപോലുള്ള പേപ്പർ പൾപ്പ് ട്രേകൾക്കാണ് പ്രിയം. ആറ് മുട്ടകളോ 12 മുട്ടകളോ വയ്ക്കാവുന്ന ട്രേകൾ ലഭ്യമാണ്. ഇതിൽ 6 മുട്ടകൾ വയ്ക്കാവുന്ന ട്രേയ്ക്കാണ് കൂടുതൽ പ്രിയം. ഇതിന് ഒന്നിന് 1.5 രൂപ വരെ വില വരും. പാക്കറ്റും സ്റ്റിക്കറും കൂടി ആകുമ്പോൾ 3 രൂപ ചിലവാകും. അതായത് മുട്ടയൊന്നിന് 50 പൈസ. ലേബലിന് ആകർഷണീയമായ നിറത്തിനു പുറമെ പായ്ക് ചെയ്ത തീയതി, എത്ര ദിവസം വരെ സൂക്ഷിക്കാം, സൂക്ഷിക്കേണ്ട രീതി, ഉത്പാദിപ്പിക്കുന്ന ഫാമിന്റെ പേരും മേൽവിലാസവും ഉണ്ടാവണം. ഏതൊരു ഭക്ഷ്യസാധനവും വില്ക്കുന്നവർക്ക് നിർബന്ധമായും വേണ്ട ഭക്ഷ്യ സുരക്ഷാ മാനദണ്ഡ അതോറിറ്റിയുടെ (എഫ്.എസ്.എസ്.എ.ഐ (FSSAI)) രജിസ്ട്രേഷൻ നമ്പർ കൂടി രേഖപ്പെടുത്തിയാൽ വിശ്വാസ്യതയേറും.

എഫ്.എസ്.എസ്.എ.ഐ രജിസ്ട്രേഷൻ വീട്ടമ്മമാർക്ക് ഒറ്റയ്ക്കോ ഒരു സംഘത്തിനോ ഫാമിനോ എടുക്കാവുന്നതാണ്. ഇതിനു ഓൺലൈനിലായി എഫ്.എസ്.എ.എ.ഐ യുടെ വെബ്സൈറ്റിൽ നേരിട്ടോ അക്ഷയ സെന്റർ വഴിയോ അപേക്ഷിക്കാവുന്നതാണ്. https://foodlicensing.fssai.gov.in/ എന്ന വെബ്സൈറ്റിൽ കയറി യൂസർനെയിമും പാസ്‌വേഡും ഉണ്ടാക്കി ലോഗിൻ ചെയ്യാം. അതിനു ശേഷം ഫോറം 'എ' പൂരിപ്പിക്കുന്നതിനോടൊപ്പം അപേക്ഷകന്റെ ഫോട്ടോ പതിപ്പിച്ച തിരിച്ചറിയൽ കാർഡും, പാസ്പോർട്ട് സൈസ് ഫോട്ടോയും സ്കാൻചെയ്തു നൽകേണ്ടിവരും. ഇതോടൊപ്പം എന്തൊക്കെ സാധനങ്ങളാണ് ഉത്പാദിപ്പിക്കാനും വിൽക്കാനും പോകുന്നതെന്നും കൊടുക്കണം. ഇതെല്ലാം കൊടുത്ത് നിശ്ചിത ഫീസ് (ഒരു വർഷത്തെ രജിസ്ട്രേഷന് 100 രൂപയും അഞ്ചു വർഷത്തേക്ക് 500 രൂപ) അടയ്ക്കേണ്ടതാണ്. ഇതിനു പുറമെ വെബ്സൈറ്റിൽനിന്നും ലഭിക്കുന്ന ഒരു സമ്മതപത്രവും പൂരിപ്പിച്ചു സ്കാൻ ചെയ്തു വെബ്സൈറ്റിൽ അപ്‌ലോഡ് ചെയ്യേണ്ടതാണ്. എന്തെങ്കിലും അപാകത ഉണ്ടായാലോ, അധികമായി എന്തെങ്കിലും പേപ്പറുകൾ എത്തിക്കണമെങ്കിലോ അത് അറിയിക്കുകയും ചെയ്യും. 30 ദിവസത്തിനുള്ളിൽ രജിസ്ട്രേഷൻ നടപടികൾ പൂർത്തിയാകുകയും രജിസ്ട്രേഷൻ നമ്പർ ലഭിക്കുകയും ചെയ്യും.

ഇത്തരത്തിൽ ആകർഷണീയമായ പാക്കറ്റുകളിൽ ലേബൽ സഹിതം വില്പന നടത്തുമ്പോൾ അധിക വിലയും സ്വീകാര്യതയും ലഭിക്കണമെങ്കിൽ അനുയോജ്യമായ വില്പന സ്ഥലങ്ങൾ, പ്രത്യേകിച്ചും പട്ടണ പ്രദേശങ്ങൾ തിരഞ്ഞെടുക്കേണ്ടതുണ്ട്. ഇതിനു പുറമെ കർഷകകൂട്ടായ്മകൾ ഓൺലൈൻവിപണിയിലും കാർഷിക ഉത്പന്നങ്ങൾ വിൽക്കുന്നുണ്ട്. മുട്ടയുടെ പാക്കറ്റിന്റെ ഫോട്ടോയും എണ്ണവും വിലയും സൈറ്റിൽ രേഖപ്പെടുത്തി വീട്ടിൽ എത്തിച്ചു കൊടുക്കും വിധം മറ്റുത്പന്നങ്ങൾക്കൊപ്പം കർഷകരജിസ്ട്രേഷൻ ചെയ്ത് വില്പന നടത്താവുന്നതാണ്.

ചുരുക്കത്തിൽ, കേരളത്തിന്റെ മുട്ടയുത്പാദനത്തിൽ സ്വയം പര്യാപ്തതകൾക്കുള്ള ശ്രമങ്ങൾക്കപ്പുറം വീട്ടമ്മമാർക്കുള്ള നല്ലൊരു വരുമാനമാർഗത്തിനും അടുക്കളമുറ്റത്തെ കോഴിവളർത്തലിന് അവഗണിക്കാനാവാത്ത സാധ്യതകളുണ്ട്.

***ഐ.സി.എ.ആർ***
***കൃഷി വിജ്ഞാന കേന്ദ്രം,***
***സി.എം.എഫ്.ആർ.ഐ,***
***ഞാറക്കൽ, എറണാകുളം.***
***ഫോൺ: 0484 2972450.***